"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി - നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി വി.പത്മയെ കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ലീഗൽ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2593/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/11/2019

പരാമർശം:- 1 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന
2 28.11.2013 ലെ സ.ഉ.(പി)നം.580/2013/ധന
3 25/2/2016-ലെ സ.ഉ.(കൈ.)നം.40/2016/ത.സ്വ.ഭ.വ.
4 16.08.2019-ലെ സ.ഉ.(കൈ.)നം.106/2019/ത.സ്വ.ഭ.വ.
5 05.10.2019-ലെ സ.ഉ.(പി.)നം.65/2019/ത.സ്വ.ഭ.വ. (എസ്.ആർ.ഒ.നം.724/2019 തീയതി 09/10/2019)
6 05.10.2019-ലെ സ.ഉ.(പി.)നം.66/2019/ത.സ്വ.ഭ.വ. (എസ്.ആർ.ഒ.നം.726/2019 തീയതി 09/10/2019)
7 നിയമ സെക്രട്ടറിയുടെ 06/11/2019-ലെ 21266/ഭരണ 1(1)/2019/നിയമം നമ്പർ കുറിപ്പ്

**ഉത്തരവ്**

കേന്ദ്ര നിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2016 (Central Act 16 of 2016)-ന്റെ സെക്ഷൻ 20(1) പ്രകാരം, ആക്ട് നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ അതാത് സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദനുസരണം പരാമർശം(5) പ്രകാരം സർക്കാർ, കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയും പരാമർശം(6) പ്രകാരം ചെയർമാനെയും രണ്ട് അംഗങ്ങളെയും നിയമിക്കുകയും ചെയ്തു. നിലവിൽ ചെയർമാനും ഒരു അംഗവും ചാർജ് എടുക്കുകയും അതോറിറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതോറിറ്റിയിൽ ചാർജ് എടുക്കാതിരുന്ന അംഗത്തിന് പകരം പുതിയ അംഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

2. 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടും ഇതിന് അനുസൃതമായി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത 2018-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റൂൾസും നിലവിൽ വരുന്നതിനു മുൻപ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പരാമർശം(3) പ്രകാരം സൃഷ്ടിച്ച തസ്തികകൾ പുതുതായി രൂപീകരിക്കുന്ന കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ ചെയർമാനും അംഗങ്ങളും നിയമിക്കപ്പെടുന്നതു വരെ തുടരുന്നതിന് സർക്കാർ പരാമർശം (4) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ പരാമർശം(3)& (4) പ്രകാരം അനുവദിച്ചിട്ടുള്ള സെക്രട്ടറി (ലീഗൽ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി നിയമ സെക്രട്ടറി 3 ജോയിന്റ്

സെക്രട്ടറിമാരുടെ പാനൽ പരാമർശം(7) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമ സെക്രട്ടറി പരാമർശം(7) പ്രകാരം ലഭ്യമാക്കിയ പാനലിൽ നിന്നും, ഇപ്പോൾ അദർ ഡ്യൂട്ടിയിൽ ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെ ലാ വിംഗിൽ ജോയിൻറ് സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചുവരുന്ന നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി വി.പത്മയെ കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ലീഗൽ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കെ.എസ്.ആർ. ചട്ടം140(സി)-യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:-

ചെയർപേഴ്സൺ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, അഞ്ചാം നില,

സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

നിയമ സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

ശ്രീമതി. വി.പത്മ ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ /ഇ ആന്റ് ആർ എസ് എ),

കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

നിയമ (അഡ്മിനിസ്ട്രേഷൻ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം ,

സെക്ഷൻ ഓഫീസർ.